(എ) സംസ്ഥാനത്ത് 2005-ൽ പഞ്ചായത്ത് റോഡുകൾ ജില്ലാ റോഡുകളാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇവയുടെ മെയിന്റൻസിന് വേണ്ട തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ആയതിൽ എന്ത് ചെലവായിരുന്നെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2005-ൽ 4267 കി. മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ജില്ലാ റോഡുകളാക്കി മാറ്റിയിട്ടുണ്ട്.

(ബി) & (സി) ഇവയുടെ മെയിന്റനൻസിന് പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

സംസ്ഥാന നഗരിയിലെ പ്രത്യേക റോഡ് വികസന പദ്ധതി

91 [404] ശ്രീ. പിരപ്പൻകോട് മുരളി:
ഡോ. തോമസ് ഐസക്:
ശ്രീ. എ. സി. മൊയ്തീൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) അഭിസ്ഥാന നഗരത്തിലെ റോഡുവികസനത്തിനായി തയ്യാറാക്കിയ പ്രത്യേക പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; ആർക്കാണ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്;

(ബി) എത്തെല്ലാം ജോലികളാണ് ഈ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; കരാർ നൽകിയിട്ടുള്ളത് എന്ത് തുകയ്ക്കാണ്;

(സി) പ്രത്യേക പദ്ധതിയിലെ ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്ന കരാറുകാർക്ക് സർക്കാർ നൽകേണ്ട മൊത്തം തുക എത്ര; എന്നുമുതലാണ് വായ്പ്പത്തുകയുടെ തിരിച്ചടവ് തുടങ്ങുന്നത്;

(ഇ) ഈ പദ്ധതിയിൽപ്പെട്ട പാളയം ഇടിപ്പാത പാളയത്തെ ഗതാഗത കുരുക്കിലാക്കിയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് അടിയന്തിര പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) അടിപ്പാതയിലൂടെ കടന്നുപോകുന്ന വാഹനങ്ങളെപ്പറ്റി സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവ്വേ വിവരം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള റോഡ് ഫണ്ട് ബോർഡിനാണ് തദ്ദേശസ്ഥാന റോഡ് വികസന പദ്ധതിയുടെ നടത്തിപ്പ് ചുമതല. തിരുവനന്തപുരം റോഡ് വികസന കമ്പനിക്കാണ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്.

(ബി) 42.37 കി. മീ. നീളമുള്ള 12 പ്രധാന റോഡുകളുടെ വികസനം. 2 മേൽപ്പാലങ്ങളും ഒരു അടിപ്പാതയും നിർമ്മിക്കൽ, 65 ജംഗ്ഷൻ നവീകരിക്കൽ, 94 ബസ് ബേകൾ നിർമ്മിക്കൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജോലികൾ. അവയിൽ റോഡുകളേയും ബൈപാസിനേയും സംബന്ധിക്കുന്ന വിവരം തഴെ കൊടുത്തിരിക്കുന്നു:

1. സ്റ്റുഡൻസ് സെന്റർ-എൽ. എം. എസ്. വെള്ളയമ്പലം-കവടിയാർ & വെള്ളയമ്പലം- ശാസ്തമംഗലം
2. എൽ. എം. എസ്.-അട്ടക്കുളങ്ങര.
3. മ്യൂസിയം-ബേക്കറി ജംഗ്ഷൻ-തമ്പാനൂർ-ഓവർ ബ്രിഡ്ജ്.
4. പാളയം-പേട്ട-എയർപോർട്ട് റോഡ്.
5. പാറ്റൂർ-വഞ്ചിയൂർ-ഉപ്പിലിയൻമൂട്-തകരപ്പറമ്പ്-പവർഹൗസ് റോഡ്-ചൂരക്കാട്ടുപാളയവും നാലുമുക്കിൽനിന്ന് തകരപറമ്പിലേക്കുള്ള ലിങ്കും.
6. വാൻറോസ്-ഊറ്റുക്കുഴി-സെക്രട്ടേറിയറ്റ്.
7. പട്ടം-മരപ്പാലം-കവടിയാർ.
8. പട്ടം-മെഡിക്കൽകോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ.
9. കവടിയാർ-പേരൂർക്കട-വഴയില.

ബൈപ്പാസ് ലിങ്ക്സ്

10. അട്ടക്കുളങ്ങര-ശ്രീവരാഹം-ഈഞ്ചക്കൽ.
11. തകരപറമ്പ്-ഈഞ്ചക്കൽ-എൻ. എച്ച്. ബൈപ്പാസ്.
12. മുറിഞ്ഞപാലം-പുന്തി റോഡ്-എൻ. എച്ച്. ബൈപ്പാസ്.

BOT Annuity സ്കീമിൽ ആണ് കരാർ കൊടുത്തിട്ടുള്ളത്. പണി പൂർത്തിയാക്കിയശേഷം അർദ്ധവാർഷികമായി 17.749 കോടി രൂപ വീതം 15 വർഷത്തേക്ക് നൽകണമെന്നാണ് കരാർ.

(സി) 2008 നവംബർ.

(ഡി) 2006 നവംബറിൽ പണി പൂർത്തിയാക്കി 15 വർഷം മെയിന്റനൻസ് നടത്തുന്ന തുകയുൾപ്പെടെ, 15 വർഷം കൊണ്ട് 532.47 കോടി രൂപ കൊടുക്കണം. പണി പൂർത്തിയാക്കിയ ശേഷമാണ് തിരിച്ചടവ് തുടങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. ഇപ്പോഴത്തെ ഗതാഗതക്കുരുക്ക് താൽക്കാലികമാണ്. പാളയത്തെ കടക്കാരെ പുനരധിവസിപ്പിക്കുന്ന നടപടി പുരോഗമിക്കുന്നു. ഈ പ്രക്രിയ പൂർണ്ണമാകുന്നതോടെ ഇതിനു പരിഹാരം കാണാൻ കഴയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഇല്ല. അടിപ്പാത പൂർണ്ണതോതിൽ ഉപയോഗയോഗ്യമാക്കിയതിന് ശേഷം പഠനം നടത്താവുന്നതാണ്.

കെ. എസ്. ടി. പി.-യുടെ പ്രോജക്ടുകൾ

92 [405] ശ്രീ. ടി. എം. ജേക്കബ്:

.. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പ്രോജക്ടിന്റെ പേരും തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കെ. എസ്. ടി. പി.-യുടെ പ്രവർത്തനത്തെക്കുറിച്ച് മാധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ആക്ഷേപങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) & (ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ അടങ്കൽ തുക 336 മില്ല്യൻ അമേരിക്കൻ ഡോളർ (1612 കോടി രൂപ) ആണ്. കെ. എസ്. ടി. പി. സംസ്ഥാനത്ത് ഏകദേശം 600 കി. മീ. ദൂരം റോഡ് അപ്ഗ്രഡേഷനിലും ഏകദേശം 1000 കി. മീ. ദൂരം റോഡ് ഹെവി മെയിന്റനൻസിലും ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ട്. 77 കി. മീ. ഉൾനാടൻ ജലഗതാഗത കനാലുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പൈലറ്റ് പ്രോജക്ടും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ വകുപ്പിനെ സുസജ്ജമാക്കുന്ന കർമ്മ പരിപാടിയും റോഡ് സുരക്ഷാ കർമ്മ പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഭൂമിവില നിർണ്ണയത്തിലെ അപാകതകൾ, അലൈൻമെന്റ് സംബന്ധിച്ച ആക്ഷേപങ്ങൾ, പുനരധിവാസ നടപടി സംബന്ധിച്ച പോരായ്മകൾ, ആർബിട്രേഷൻ അധികച്ചെലവ് മുതലായവയാണ്.

LIBRARY ARCHIVES Kerala Legislative Assembly